# METRO VAARTHA

## Kerala Govt releases tourism statistics of 2018

**Date :** 13.12.2019 **| Edition : All Kerala | Page :** 10 **| Clip size (cm) : W:** 13 **H:** 12

---

# കേരള ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2018; പ്രകാശനം ചെയ്തു

തിരുവനന്തപുരം: വിനോദസഞ്ചാര മേഖലയിലെ 2018 കലണ്ടർ വർഷത്തെ പൂർണമായ സ്ഥിതിവിവരക്കണക്കുകൾ അടങ്ങിയ 'കേരള ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2018' മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്തു. വിനോദസഞ്ചാര മേഖലയിലെ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലെ സ്ഥിതിയും പുരോഗതിയും അവലോകനം ചെയ്യുന്നതിനും ഇത് സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു. സർക്കാരിനും വിനോദസഞ്ചാര രംഗത്തെ ബന്ധപ്പെട്ട സംഘടനകൾക്കും സംരംഭകർക്കും ഗവേഷകർക്കും ഇത് പ്രയോജനം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

2018 കലണ്ടർ വർഷത്തിൽ ഓരോ ജില്ലയിലും എത്തിയ വിദേശ വിനോദസഞ്ചാരികളുടെ രാജ്യം തിരിച്ചുള്ള കണക്കുകൾ, ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള കണക്കുകൾ, ഓരോ വിനോദസഞ്ചാര ലക്ഷ്യസ്ഥാനങ്ങളിലും താമസിച്ച വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം എന്നിവയ്ക്കു പുറമേ ഓരോ കലണ്ടർ വർഷവും ടൂറിസം മേഖലയിൽ ലഭിക്കുന്ന വിദേശനാണ്യ വരുമാനത്തിന്റേയും മൊത്തവരുമാനത്തിന്റേയും ജില്ല തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാണ്. ടൂറിസം സെക്രട്ടറി റാണി ജോർജ്, ഡയറക്റ്റർ പി. ബാല കിരൺ, അഡീഷണൽ ഡയറക്റ്റർ കൃഷ്ണ തേജ, അഡീഷണൽ സെക്രട്ടറി ബി.എസ്. പ്രകാശ്, റിസർച്ച് ഓഫീസർ സി.ജി. രാജേഷ് എന്നിവരും പ്രകാശന ചടങ്ങിൽ പങ്കെടുത്തു.



*ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ 'കേരള ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2018'ന്റെ ആദ്യ പ്രതി സെക്രട്ടറി റാണി ജോർജ് ഐഎഎസിന് നൽകി പ്രകാശനം ചെയ്യുന്നു. ഡയറക്റ്റർ പി. ബാല കിരൺ ഐഎഎസ്, അഡീഷണൽ സെക്രട്ടറി ബി.എസ്. പ്രകാശ് എന്നിവർ സമീപം.*